പത്രക്കുറിപ്പ്
27-7-2020

### ആഗ്രഹിക്കുന്ന തൊഴിലിലേക്കൊരു കണക്ഷൻ

# അഭ്യസ്തവിദ്യരെ സഹായിക്കാൻ 'കണക്ട് ടു വർക്ക്' പദ്ധതിയുമായി കുടുംബശ്രീ

തിരുവനന്തപുരം: അഭ്യസ്തവിദ്യരായിട്ടും ആഗ്രഹിച്ച മേഖലയിൽ തൊഴിൽ നേടാൻ കഴിയാത്ത ചെറുപ്പക്കാർക്ക് സഹായകരമാകുന്ന 'കണക്ട് ടു വർക്ക്' പദ്ധതിയുമായി കുടുംബശ്രീ. ജോലി കണ്ടെത്തുന്നതിനു ബുദ്ധിമുട്ടു നേരിടുന്നവരും ജോലിയിലേക്ക് ബന്ധിപ്പിക്കുന്ന അവസരങ്ങൾ ലഭ്യമാകാത്തവരുമായ യുവജനങ്ങൾക്ക് ഏറെ സഹായകമാകുന്നതാണ് പുതിയ പദ്ധതി. ഇങ്ങനെയുള്ളവരെ കണ്ടെത്തി മികച്ച പരിശീലനം നൽകിക്കൊണ്ട് 5000 പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു ഫിനിഷിങ്ങ് സ്കൂൾ മാതൃകയിലായിരിക്കും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ.

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് ഡിപ്ളോമ, ഐ.ടി.ഐ എന്നീ യോഗ്യത നേടിയ 35 വയസിൽ താഴെയുള്ള അഭ്യസ്തവിദ്യർക്ക് ഈ പദ്ധതിയുടെ ഭാഗമാകാം. പരിശീലനാർത്ഥിയുടെ കുടുംബത്തിലെ ആരെങ്കിലും ഒരാൾ  കുടുംബശ്രീ അംഗമായിരിക്കണം.

വാർഷിക കർമ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതി, റീബിൽഡ് കേരളയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത സിഡിഎസുകളിലാകും നടപ്പാക്കുക. കോവിഡ് പ്രതിസന്ധി അവസാനിച്ച ശേഷം സർക്കാരിന്റെ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പരിശീലന പരിപാടി ആരംഭിക്കാനാണ് തീരുമാനം. ഇതിനായി തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന സർക്കാർ സ്ഥാപനമായ അസാപുമായി (അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം) കരാറിലെത്തിയിട്ടുണ്ട്. ആദ്യഘട്ട പ്രവർത്തനങ്ങളുടെ വിജയം പരിശോധിച്ച ശേഷമായിരിക്കും രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുക.

കേരളത്തിലെ 152 ബ്ളോക്കുകളിൽ നിന്നും ഒന്നു വീതം എന്ന കണക്കിൽ ആകെ 152 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുക. ഓരോ പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത 33 പേർക്ക് വീതം പരിശീലനം ലഭിക്കും. നിലവിൽ പദ്ധതി നടപ്പാക്കുന്ന സിഡിഎസുകളിൽ നിന്നും യോഗ്യരായ പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പാക്കി വരികയാണ്. ഓഗസ്റ്റ് 15നുള്ളിൽ ഇതു പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്റർപ്രണർഷിപ് സ്കിൽ, സോഷ്യൽ സ്കിൽ, പേഴ്സണൽ സ്കിൽ, ഓർഗനൈസേഷണൽ സ്കിൽ, പ്രസന്റേഷൻ സ്കിൽസ് എന്നിവയിൽ വിദഗ്ധ പരിശീലനം നൽകി 5000 പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. എല്ലാ സിഡിഎസുകളിലും അസാപ് പരിശീലകർ മുഖേനയാകും പരിശീലന പരിപാടികൾ നടത്തുക. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സന്റെ സേവനവും കുടുംബശ്രീ ഉറപ്പു വരുത്തിയിട്ടുണ്ട്.

പഞ്ചായത്തുകളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പരിശീലനം സംഘടിപ്പിക്കാനാണ് സിഡിഎസുകൾക്ക് നൽകിയിരിക്കുന്ന നിർദേശം. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയാണ്. പരിശീലന പരിപാടിക്കാവശ്യമായ കമ്പ്യൂട്ടർ, പ്രോജക്ടർ, മേശ, കസേര, പരിശീലനാർത്ഥികൾക്കുള്ള യാത്രാബത്ത, പരിശീലനം ഏകോപിപ്പിക്കുന്നതിനു വേണ്ടി തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർക്കുള്ള ഓണറേറിയം എന്നിവയ്ക്കായി 2,10,000 രൂപ വീതം ഓരോ സിഡിഎസിനും നൽകിയിയിട്ടുണ്ട്.

നൈപുണ്യപരിശീലനത്തിന്റെ അഭാവം, അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലെ പരാജയം, അഭിമുഖങ്ങൾ നേരിടുന്നതിൽ അറിവിന്റെ അപര്യാപ്തത എന്നിവ കാരണം ജോലി ലഭ്യമാകാത്ത നിരവധി ചെറുപ്പക്കാരുണ്ട്. ചില മേഖലകളിൽ പ്രത്യേക തൊഴിൽ വൈദഗ്ധ്യം ഇല്ലാത്തതും സ്വയം അവസരങ്ങൾ കണ്ടെത്തി ജോലിയാക്കി മാറ്റുന്നതിലുള്ള കഴിവില്ലായ്മയും ഇവർ നേരിടുന്ന പ്രശ്നങ്ങളാണ്. അഭ്യസ്തവിദ്യരെങ്കിലും ഇത്തരം പോരായ്മകളുള്ള നിരവധി പേർ സമൂഹത്തിലുണ്ടെന്ന് കണ്ടെത്തിയതോടെയാണ് അവർക്ക് സ്വയം മെച്ചപ്പെടുത്തിക്കൊണ്ട് ജോലി നേടാൻ സഹായകമാകുന്ന തരത്തിൽ കണക്ട് ടു വർക്ക് പദ്ധതി രൂപീകരിച്ചത്. പദ്ധതിയെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കായി അതത് സിഡിഎസുകളുമായി ബന്ധപ്പെടാവുന്നതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ